പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1823 05.02.2019-ലെ മറുപടിക്ക്

**കെ.എസ്.ആർ.ടി.സി.യിലെ ജീവനക്കാരുടെ വീക്കിലി ഓഫ്**

| ചോദ്യം<br>ശ്രീ.കെ.എം.ഷാജി | | മറുപടി<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യിൽ മിനിസ്റ്റീരിയൽ സ്റ്റാഫുകൾക്ക് ആഴ്ചയിൽ എത്ര ദിവസം ഫിസിക്കൽ ജോലി ചെയ്താലാണ് വീക്കിലി ഓഫ് അനുവദിക്കുന്നത്; ഞായർ മുതൽ ശനിവരെയുള്ള ആഴ്ചയിൽ, പി.എച്ച്./ ആർ.എച്ച്./സി.എൽ. തുടങ്ങിയ അവധികളൊന്നും ഇല്ലെങ്കിലും ഒരു ദിവസം മാത്രം ജോലി ചെയ്യുന്ന മിനിസ്റ്റീരിയൽ സ്റ്റാഫിന് ഞായറാഴ്ചകളിലും രണ്ടാം ശനിയാഴ്ചയും ശമ്പളത്തോടെ അവധി നൽകാറുണ്ടോ; | (എ) | മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരിൽ ഷിഫ്റ്റ് ഡ്യൂട്ടിയിൽ ഏർപ്പെടുന്നവർക്ക് (ടിക്കറ്റ് ആന്റ് ക്യാഷ് വിഭാഗം) ആഴ്ചയിൽ 4 ഡ്യൂട്ടി ചെയ്താൽ ഒരു ദിവസം വീക്കിലി ഓഫ് അനുവദിച്ചു വരുന്നു. ഇതിൽ ആഴ്ചയിൽ ഒരു ഫിസിക്കൽ ഡ്യൂട്ടിയെങ്കിലും ചെയ്തിരിക്കേണ്ടതാണ്. മറ്റുള്ള മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർ പൂർണ്ണമായും ആഫീസ് ജോലികളിൽ ഏർപ്പെട്ടു വരുന്ന നിലയ്ക്ക് ഇതര സർക്കാർ-അർദ്ധസർക്കാർ ഓഫീസ് ജീവനക്കാരെ പോലെ തന്നെ ഞായറാഴ്ചകളിലും രണ്ടാം ശനിയാഴ്ചകളിലും ശമ്പളത്തോടു കൂടിയ അവധി അനുവദിക്കാറുണ്ട്. |
| (ബി) | എങ്കിൽ ഏണിംഗ് സ്റ്റാഫുകളായവർക്ക് ആഴ്ചയിൽ എത്ര ദിവസം ജോലി ചെയ്താലാണ് ആ ആഴ്ചത്തെ വീക്കിലി ഓഫ് അനുവദിച്ച് നൽകുന്നത് എന്നറിയിക്കുമോ; | (ബി) | മിനിസ്റ്റീരിയിൽ വിഭാഗത്തിലെ ഷിഫ്റ്റ് ഡ്യൂട്ടി ജീവനക്കാരെക്കൂടാതെ കണ്ടക്ടർ, ഡ്രൈവർ, മെക്കാനിക്കൽ വിഭാഗം ജീവനക്കാർക്കും ആഴ്ചയിൽ ഒരു ഫിസിക്കൽ ഡ്യൂട്ടി ഉൾപ്പെടെ 4 ഡ്യൂട്ടി ചെയ്താൽ വീക്കിലി ഓഫ് അനുവദിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | ഒരു സ്ഥാപനത്തിലെ ജീവനക്കാരിൽ മിനിസ്റ്റീരിയൽ സ്റ്റാഫിന് ആഴ്ചയിൽ ഒരു ദിവസം മാത്രം ഡ്യൂട്ടി ചെയ്താലും ആ ആഴ്ചയിലെ വീക്കിലി ഓഫ് അനുവദിക്കുകയും ഏണിംഗ് സ്റ്റാഫിന് ആഴ്ചയിൽ നാല് ഡ്യൂട്ടി ചെയ്താൽ മാത്രം ആ ആഴ്ചയിലെ വീക്കിലി ഓഫ് അനുവദിക്കുകയും ചെയ്യുന്ന എന്ന നീതിരഹിതമായ രീതിയിൽ മാറ്റം വരുത്തുന്നതിന് എന്തെല്ലാം നടപടികളിലൂടെ സാധ്യമാകുമെന്നറിയിക്കുമോ; | (സി) യും (ഡി) യും | കെ.എസ്.ആർ.ടി.സി പോലുള്ള സ്ഥാപനത്തിൽ വ്യത്യസ്ത തൊഴിൽ സ്വഭാവത്തോടു കൂടിയ ജീവനക്കാരാണ് ജോലി ചെയ്തു വരുന്നത്. ആയതുകൊണ്ട് തന്നെ വ്യത്യസ്ത തൊഴിൽ നിയമങ്ങളും ബാധകമായിട്ടുള്ളതാണ്. ഇതിൽ ഓപ്പറേറ്റിംഗ് വിഭാഗം ജീവനക്കാർക്ക് മോട്ടോർ വെഹിക്കിൾ ആക്ട് പ്രകാരവും മെക്കാനിക്കൽ വിഭാഗം ജീവനക്കാർക്ക് ഫാക്ടറീസ് ആക്ട് പ്രകാരമുള്ള ചട്ടങ്ങൾക്ക് വിധേയമായുമാണ് വീക്കിലി ഓഫ് ക്രമീകരിച്ചിട്ടുള്ളത്. കെ.എസ്.ആർ പ്രകാരം ഞായറാഴ്ച, രണ്ടാം ശനി എന്നിവ അവധി ദിവസങ്ങൾ എന്ന നിലയിൽ ആഫീസ് പ്രവർത്തിക്കാത്തതിനാൽ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് അവധി അനുവദിച്ചു വരുന്നു. |
| (ഡി) | ഇക്കാര്യത്തിൽ നീതി നടപ്പാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ ? | | |

സെക്ഷൻ ഓഫീസർ